വാർത്തകൾ

●

ദേശീയം

# ഇസ്‌ലാമിക് ബാങ്കിംഗ് പരിഗണിക്കും: പ്രണബ് മുഖർജി

**ഇന്ത്യയിൽ** ഇസ്‌ലാമിക് ബാങ്കിംഗ് ആരംഭിക്കാനുള്ള ആവശ്യം പരിഗണിക്കുമെന്ന് കേന്ദ്ര ധനമന്ത്രി പ്രണബ് മുഖർജി. ജ.ഇ. ശൂറാംഗവും ഇന്ത്യൻ സെന്റർ ഫോർ ഇസ്‌ലാമിക് ഫിനാൻസ്(ICIF) ജന. സെക്രട്ടറിയുമായ എച്ച്. അബ്ദുർറഖീബിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘത്തോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇക്കാര്യം ഉടൻ തന്നെ റിസർവ് ബാങ്ക് ഗവർണറുമായി ചർച്ച ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. വിശദമായ ചർച്ചക്ക് ധനകാര്യ മന്ത്രാലയത്തിലെ സെക്രട്ടറിമാരുടെയും ബാങ്കിംഗ് വകുപ്പിലെ ഉദ്യോഗസ്ഥരുടെയും ഐ.സി.ഐ.എഫ് പ്രതിനിധികളുടെയും സംയുക്ത യോഗം ചേരുമെന്നും അദ്ദേഹം ഉറപ്പുനൽകി.

**മരണം**

# ഇഖ്ബാൽ അൻസാരി

**പൗരാവകാശങ്ങൾക്കുവേണ്ടി** അക്ഷീണം പ്രയത്നിച്ച പ്രഫ. ഇഖ്ബാൽ അൻസാരി ഹൃദയാഘാതത്തെത്തുടർന്ന് അന്തരിച്ചു. മനുഷ്യാവകാശങ്ങൾക്കും പൗരസ്വാതന്ത്ര്യത്തിനും വേണ്ടി ജീവിതകാലം മുഴുവൻ പോരാടിയ മഹാനായിരുന്നു അദ്ദേഹമെന്ന് എ.പി.സി.ആർ ജന. സെക്രട്ടറി പ്രഫ. കെ.എ സിദ്ദീഖ് ഹസൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.



1935-ൽ ജനിച്ച പ്രഫ. അൻസാരി അലിഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് അധ്യാപകനായി സേവനമനുഷ്ഠിച്ചു. പിന്നീട് മുഴുസമയ മനുഷ്യാവകാശ പ്രവർത്തകനായി മാറി. ഒട്ടനവധി ദേശീയ-അന്തർദേശീയ ഫോറങ്ങളിൽ അംഗമായിരുന്നു. മികച്ച എഴുത്തുകാരൻ കൂടിയായിരുന്നു അദ്ദേഹം.

# തൊണ്ണൂറ്റിയാറ് ശതമാനത്തെ പരിഗണിക്കൂ

**സർക്കാറിന്റെ** ശ്രദ്ധയും ഊർജവും മുസ്‌ലിം സമുദായത്തിലെ കേവലം 4 ശതമാനം വിദ്യാഭ്യാസം നടത്തുന്ന മദ്റസകളിൽ കേന്ദ്രീകരിക്കുന്നതിനുപകരം ബാക്കി 96 ശതമാനം വിദ്യാർഥികളുടെ പഠനകാര്യങ്ങളിലേക്ക് തിരിയണമെന്ന് ലക്നോവിൽ നടന്ന മുസ്‌ലിം പണ്ഡിത സംഗമം ആവശ്യപ്പെട്ടു. ഒക്ടോബർ 17,18 തീയതികളിൽ ഇസ്‌ലാമിക് സെന്റർ ഓഫ് ഇന്ത്യയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്ടീവ് സ്റ്റഡീസും ചേർന്നാണ് സംഗമം സംഘടിപ്പിച്ചത്. 'ന്യൂനപക്ഷ ഫിഖ്ഹ്' ആയിരുന്നു പ്രധാന ചർച്ചാവിഷയം. "മുസ്‌ലിം വിദ്യാർഥികൾക്ക് മഖ്യധാരാ വിദ്യാഭ്യാസ ക്രമത്തിൽ അർഹമായ പ്രാതിനിധ്യം ഉറപ്പാക്കണം. ഇതിനായി കൂടുതൽ സ്കോളർഷിപ്പുകളും തൊഴിലവസരങ്ങളും സൃഷ്ടിക്കണം. മുസ്‌ലിം വിദ്യാർഥിനികൾക്ക് ഉപകാരപ്പെടുംവിധം

പെൺകുട്ടികൾക്കായി ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിക്കണം" സംഗമം ആവശ്യപ്പെട്ടു. മൗലാനാ റഷീദ് ഫിറാംഗി മഹിലി, ഡോ. സൈനബൽ അൽഖാനി, മൗലാനാ സഊദുർറഹ്മാൻ ആസ്മി, ഡോ. ഔസാഫ് അഹ്മദ് തുടങ്ങിയവർ സംബന്ധിച്ചു.

## ഒരു ഹിന്ദു മൗലവി!

**ബീഹാറിലെ** മദ്റസാ ബോർഡ് പരീക്ഷ പാസായ സുഖ്ദേവ് മണ്ഡലാണ് കക്ഷി! "ഖുർആൻ ആഴത്തിൽ പഠിച്ചപ്പോൾ മനസ്സിലായത് ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്നാണ്. ഭീകരവാദത്തിന്റെ പേരുപറഞ്ഞ് മുസ്‌ലിംകളെ അന്യായമായി പീഡിപ്പിക്കുകയാണ്. ഒരു ഭാഷയെയും മതവുമായി കൂട്ടിക്കെട്ടരുത്. സ്വാതന്ത്ര്യസമരത്തിന് ജീവൻ പകർന്ന 'ഇൻകിലാബ് സിന്ദാബാദ്' ഉർദുവിൽനിന്നാണ് കിട്ടിയത്." 'മൗലവി' നിരീക്ഷിക്കുന്നു. എന്നാൽ 'മൗലവി' പ്രശ്നമുണ്ടാക്കുമെന്ന നിരീക്ഷണത്തിലാണ് പരിവാർ ഗ്രൂപ്പ്.

## ബംഗാളി കുടിയേറ്റക്കാർക്ക് സായാഹ്ന വിദ്യാഭ്യാസം

800ഓളം വരുന്ന ബംഗാളി കുടിയേറ്റക്കാരുടെ മക്കൾക്ക് സായാഹ്ന വിദ്യാഭ്യാസം നൽകാൻ ആശ പരിവാർ, ഗ്രീൻ ഫ്ളാഗ് വേസ്റ്റ് വർക്കേഴ്സ് യൂനിയൻ എന്നീ സന്നദ്ധസംഘടനകൾ തയാറായി. ബംഗ്ലാദേശികൾ എന്ന പേരിൽ ക്രൂരമർദനത്തിനിരയാവുന്നവരാണ് ഇക്കൂട്ടർ. ദൽഹിയിലെ രോഹിണിയിലെ പ്രകാശ്‌വിഹാറിൽ ഒക്ടോബർ 2-നാണ് പദ്ധതി ആരംഭിച്ചത്. മഗ്സാസെ അവാർഡ് ജേതാവ് ഡോ. സന്ദീപ് പാണ്ഡെയാണ് ആശാ പരിവാറിന്റെ തലവൻ.

## തബ്‌ലീഗുകാരെ മർദിച്ചു

**കലാലതി** ഗ്രാമത്തിനു പിറകെ ഹരിയാനയിലെ അടാലി ഗ്രാമത്തിലും പള്ളി നിർമാണത്തിന് വിലക്ക്. നിർമാണത്തിനെത്തിയ തബ്‌ലീഗ് പ്രവർത്തകരെ ഭൂരിപക്ഷ സമുദായക്കാർ ക്രൂരമായി തല്ലി.

ഹരിയാനയിലെ ഫരീദാബാദ് ജില്ലയിലെ വല്ലഭ്ഗഢിലാണ് സംഭവം. പള്ളിക്കുവേണ്ടി മുസ്‌ലിംകൾ വാങ്ങിയ ഭൂമി ഗാവ് സമാജിന്റേതാണെന്നാണ് അവകാശവാദം. കേസ് കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. പഴയ പള്ളി പുതുക്കിപ്പണിയാൻ ശ്രമിക്കവെയാണ് അക്രമമുണ്ടായത്. എഫ്.ഐ.ആർ തയാറാക്കാൻ പോലും പോലീസ് തയാറായില്ല. കുറ്റക്കാർക്കെതിരെ നടപടിയെടുക്കണമെന്ന് ഓഖ്‌ല എം.എൽ.എ ആസിഫ് മുഹമ്മദ് ഖാൻ ആവശ്യപ്പെട്ടു.

## ഫിഖ്ഹ് വിജ്ഞാനകോശം പ്രകാശനം ചെയ്തു

**കുവൈത്തിലെ** ഔഖാഫ് മന്ത്രാലയം പ്രസിദ്ധീകരിച്ച ഫിഖ്ഹ് വിജ്ഞാനകോശത്തിന്റെ ഉർദുപതിപ്പ് പ്രകാശനം ചെയ്തു. ദൽഹിയിലെ ഇന്ത്യൻ ഇസ്‌ലാമിക് കൾച്ചറൽ സെന്ററിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി ഹാമിദ് അൻസാരിയാണ് പ്രകാശനം നിർവഹിച്ചത്. ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമിയുടെ നേതൃത്വത്തിലായിരുന്നു ഉർദു വിവർത്തനം. മൊത്തം 15 വാള്യങ്ങളിൽ 3 വാള്യങ്ങൾ പുറത്തിറങ്ങി. ബാക്കിയുള്ളവ അച്ചടിയിലാണ്. 15 വാള്യങ്ങളും ചേർന്ന സി.ഡി പുറത്തിറങ്ങിക്കഴിഞ്ഞു. 1998-ലാണ് ഫിഖ്ഹ് അക്കാദമി ഈ പദ്ധതി ആരംഭിച്ചത്. ജ.ഇ. അഖിലേന്ത്യാ അമീർ മൗലാനാ ജലാലുദ്ദീൻ ഉമരി ചടങ്ങിൽ ആശംസാപ്രസംഗം നടത്തി.

**അബ്സാദ്**